©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2023

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

## പതിനഞ്ചാം കേരള നിയമസഭ

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2021-2023)

## ഏഴാമത് റിപ്പോർട്ട്

**[കായിക യുവജനകാര്യ വകുപ്പിന്റെ ബജറ്റ് വിഹിത വിനിയോഗം സംബന്ധിച്ച് ]**

(2023 മാർച്ച് മാസം 15-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2023

പതിനഞ്ചാം കേരള നിയമസഭ

# **എസ്റ്റിമേറ്റ്സ് കമ്മിറ്റി (2021-2023)**

## **ഏഴാമത് റിപ്പോർട്ട്**

[കായിക യുവജനകാര്യ വകുപ്പിന്റെ ബജറ്റ് വിഹിത വിനിയോഗം സംബന്ധിച്ച്]

505/2023.

## ഉള്ളടക്കം


| | | പേജ് |
| --- | --- | --- |
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2021 - 2023)

## ഘടന

അദ്ധ്യക്ഷ :

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ.

അംഗങ്ങൾ :

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

ശ്രീ. പി.പി. ചിത്തരഞ്ജൻ

ശ്രീ. ജി.എസ്. ജയലാൽ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. എം.എം. മണി

ശ്രീ. മുരളി പെരുനെല്ലി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. പി.ടി.എ. റഹീം

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

ശ്രീ. എൻ. ഷംസുദ്ദീൻ.

നിയമസഭാ സെക്രട്ടേറിയറ്റ്

ശ്രീ. എ. എം. ബഷീർ, സെക്രട്ടറി

ശ്രീമതി രജനി വി.ആർ., ജോയിന്റ് സെക്രട്ടറി

ശ്രീമതി രജി ഡി. ഒ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ വിനോദ് കുമാർ എം.കെ., അണ്ടർ സെക്രട്ടറി.

# മുഖവുര

എസ്റ്റിമേറ്റ്സ് കമ്മിറ്റി (2021-23)-യുടെ അദ്ധ്യക്ഷയായ ഞാൻ കമ്മിറ്റിയുടെ നിയോഗാനുസരണം സമിതിയുടെ ഏഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കായിക യുവജനകാര്യ വകുപ്പിനെ സംബന്ധിച്ച് പഠനം നടത്തുവാൻ സമിതി തീരുമാനിക്കുകയും വകുപ്പിൽ നിന്ന് വിവരശേഖരണം നടത്തുകയും ആയത് അപഗ്രഥിക്കുകയും അധിക വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. കായിക യുവജനകാര്യവകുപ്പിന്റെ ബഡ്ജറ്റ് വിഹിത വിനിയോഗം സംബന്ധിച്ച് എസ്റ്റിമേറ്റ്സ് കമ്മിറ്റി നടത്തിയ പഠനങ്ങളുടെയും മറ്റ് അനുബന്ധ രേഖകളുടെ വിശകലനത്തിന്റെയും അടിസ്ഥാനത്തിൽ വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കാവശ്യമായ ശിപാർശകളും നിർദ്ദേശങ്ങളും ഉൾപ്പെടുത്തി തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2023 മാർച്ച് മാസം 2-ാം തീയതി ചേർന്ന യോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

കെ.കെ. ശൈലജ ടീച്ചർ,
അദ്ധ്യക്ഷ,
എസ്റ്റിമേറ്റ്സ് കമ്മിറ്റി.

തിരുവനന്തപുരം,
2023 മാർച്ച് 15.

# റിപ്പോർട്ട്

ലോക സാമ്പത്തിക ശക്തികളിൽ ഒന്നായി ഉയർന്നുവരുന്ന രാജ്യമാണ് ഇന്ത്യ. മറ്റേത് മേഖലയിലുമെന്നപോലെ കായിക രംഗത്തും സമാനമായ ഉന്നതി കൈവരിക്കുന്നതിനാവശ്യമായ കായികക്ഷമതയുള്ള യുവതയാൽ സമ്പന്നമാണ് നമ്മുടെ രാജ്യം. കേരളത്തിൽ നിന്നുള്ള കായിക താരങ്ങൾക്ക് ദേശീയ, അന്തർദേശീയ തലങ്ങളിൽ മികവു പുലർത്താനും രാജ്യത്തിന് അഭിമാനകരമായ നേട്ടം കൈവരിക്കാനും സാധിച്ചത് കായികരംഗത്ത് കേരളം നടത്തിയ നിരവധിയായ പ്രവർത്തനങ്ങളുടെ ശ്രമഫലമായിട്ടാണ്. കായികരംഗത്ത് മറ്റ് സംസ്ഥാനങ്ങൾക്ക് കേരളം മാതൃകയാകുന്നത് അതുകൊണ്ടാണെന്ന് വിലയിരുത്തപ്പെടുന്നു.

2. കേരള കായികലോകത്തിന്റെ രാജാവായി അറിയപ്പെട്ടിരുന്ന കേണൽ ഗോദവർമരാജയുടെയും സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെയും നിരന്തര ശ്രമഫലമായാണ് കേരളത്തിന് കായിക രംഗത്ത് ഇത്രയേറെ മുന്നേറാൻ സാധിച്ചിട്ടുള്ളത്. അത്‌ലറ്റിക്സ്, ഫുട്ബോൾ, വോളിബോൾ, നീന്തൽ തുടങ്ങിയ കായിക ഇനങ്ങളിൽ പ്രാഗത്ഭ്യം തെളിയിച്ച നിരവധി അന്തർദേശീയ താരങ്ങൾ കേരളത്തിന്റെ സംഭാവനയാണ്.

3. കായിക യുവജനകാര്യവകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിലൂടെ നഗരങ്ങളിൽ മാത്രം ലഭ്യമായിരുന്ന കായിക സൗകര്യങ്ങൾ ഗ്രാമപ്രദേശങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനും അറിയപ്പെടാതെ പോകുന്ന പ്രതിഭകളെ കണ്ടെത്തുന്നതിനും അവരെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനും കഴിഞ്ഞിട്ടുണ്ട്. കായിക പ്രതിഭകളെ കണ്ടെത്തുന്നതിനും അവരിൽ അന്തർലീനമായ കഴിവുകളെ പരിപോഷിപ്പിച്ച്, അവരെ ഭാവി വാഗ്ദാനങ്ങളാക്കി മാറ്റുന്നതിനും സർക്കാരിന്റെ 'കായികനയം' വലിയ ഊന്നൽ നൽകുന്നു.

4. പ്രവർത്തനസജ്ജരായ യുവജനത ഒരു രാജ്യത്തിന്റെ കരുത്തുറ്റ വിഭവ സ്രോതസ്സാണ്. സാമ്പത്തികമായും സാമൂഹികമായുമുള്ള മാറ്റം രാജ്യത്ത് കൊണ്ടുവരുവാൻ ശേഷിയുള്ളവരായ യുവജനതയെ പുരോഗമനപരവും ആശയപരവുമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി പ്രവർത്തനസജ്ജരാക്കുന്ന ചുമതലയാണ് യുവജനക്ഷേമബോർഡ് നിർവ്വഹിക്കുന്നത്.

5. ഇന്ത്യയിലാദ്യമായി യുവജനങ്ങളുടെ ക്ഷേമത്തിനും അവകാശ സംരക്ഷണത്തിനുമായി നിയമംമൂലം രൂപീകൃതമായതാണ് കേരള സംസ്ഥാന യുവജനകമ്മീഷൻ. യുവാക്കളെ വിദ്യാസമ്പന്നരാക്കുന്നതിനും ശാക്തീകരിക്കുന്നതിനും ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുക, യുവാക്കളുടെ അവകാശ സംരക്ഷണത്തിനായി പ്രവർത്തിക്കുക എന്നിവയാണ് കമ്മീഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ. കേരളീയ യുവത്വത്തിന്റെ സർവ്വതോന്മുഖമായ വളർച്ചയ്ക്ക് യുവജന കമ്മീഷൻ നൽകിവരുന്ന സംഭാവനകൾ മാതൃകാപരമാണ്. കായിക യുവജന കാര്യാലയം, കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ, കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്, യുവജന കമ്മീഷൻ എന്നിവ ചേർന്നതാണ് കായിക യുവജനകാര്യ വകുപ്പ്.

6. ധനാഭ്യർത്ഥന XVII-ന്റെ കീഴിൽ 2204, 4202, 6202 എന്നീ മുഖ്യ ശീർഷകങ്ങളിലായി കായിക യുവജനകാര്യ വകുപ്പിന് അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതത്തിന്റെ വിനിയോഗവും വകുപ്പിന്റെ പ്രവർത്തനങ്ങളും സംബന്ധിച്ച് പഠനം നടത്തുവാൻ സമിതി (2014-16) തീരുമാനിച്ചതിനെത്തുടർന്ന് വകുപ്പിൽ നിന്ന് വിവരശേഖരണം നടത്തുകയും ആയത് അപഗ്രഥിക്കുകയും അധിക വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. കായിക യുവജനകാര്യ വകുപ്പിന്റെ ബഡ്ജറ്റ് വിഹിത വിനിയോഗം സംബന്ധിച്ച് എസ്റ്റിമേറ്റ്സ് കമ്മിറ്റി നടത്തിയ പഠനങ്ങളുടെയും മറ്റ് അനുബന്ധ രേഖകളുടെ വിശകലനത്തിന്റെയും അടിസ്ഥാനത്തിൽ വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കാവശ്യമായ ശിപാർശകളും നിർദ്ദേശങ്ങളും ഉൾപ്പെടുത്തി തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

7. സമഗ്രമായ കായിക പുരോഗതി ലക്ഷ്യം വച്ച് ആരംഭിച്ച സംസ്ഥാനത്തെ സ്പോർട്സ് സ്കൂളുകളുടെ സമീപകാല പ്രകടനങ്ങൾ പ്രതീക്ഷയ്ക്കൊത്ത് ഉയർന്നിട്ടില്ലെന്നു കാണാം. സ്ഥാപിതമായി അരനൂറ്റാണ്ട് ആകുന്നുവെങ്കിലും വിരലിലെണ്ണാവുന്ന ഒളിമ്പ്യൻമാരെയും അന്തർ ദേശീയ താരങ്ങളെയും സംഭാവന ചെയ്യുവാൻ മാത്രമേ നമുക്കു കഴിഞ്ഞിട്ടുള്ളൂ. ഇത്തരം സ്ഥാപനങ്ങൾ സംബന്ധിച്ച് വിശദമായ പഠനം നടത്തി പോരായ്മകൾ പരിഹരിച്ചാൽ മാത്രമേ വരും കാലങ്ങളിൽ കൂടുതൽ താരങ്ങളുടെ ഉദയം നമുക്ക് കാണുവാൻ കഴിയുകയുള്ളൂ.

8. സംസ്ഥാനത്തെ സ്പോർട്സ് സ്കൂളുകളിൽ പരിശീലനം നേടുന്ന വിദ്യാർത്ഥികൾക്ക് 12-ാം ക്ലാസ് കഴിയുമ്പോൾ മറ്റ് സ്ഥലങ്ങളിൽ പരിശീലനം കേന്ദ്രീകരിക്കേണ്ടിവരുന്നതിനാൽ ഒളിമ്പിക്സ്, നാഷണൽ ഗെയിംസ് പോലെ ഏതെങ്കിലും ഒന്നിൽ കേന്ദ്രീകരിച്ചുള്ള പരിശീലനം നൽകാൻ സാധിക്കാത്ത അവസ്ഥയാണ് നിലവിലുള്ളത്. **വിവിധ കായികയിനങ്ങളിൽ മികവു തെളിയിച്ച താരങ്ങളെ അവർ ആഗ്രഹിക്കുന്നപക്ഷം തങ്ങൾ പരിശീലിച്ചു വന്ന മാർഗ്ഗത്തിൽതന്നെ തുടരുന്നതിനും, കായിക ജീവിതത്തിൽ അവർ അർഹിക്കുന്ന അംഗീകാരം ലഭിക്കുന്നതുവരെ പ്രസ്തുത സ്കൂളുകളിൽ തന്നെ പരിശീലനം തുടരുന്നതിനും അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

9. കായിക വകുപ്പിന്റെ കീഴിൽ വരുന്ന റസിഡൻഷ്യൽ സ്പോർട്സ് സ്കൂളുകളിൽ, അനുവദിച്ച സീറ്റുകളെക്കാൾ കുറഞ്ഞ എണ്ണം കുട്ടികളാണ് പ്രവേശനം നേടുന്നതെന്നും സ്കൂളുകളിലെ പ്രവേശനം സംബന്ധിച്ച് മതിയായ പ്രചാരണം നൽകാത്തതുമൂലമാണ് കുട്ടികളുടെ എണ്ണം കുറയുന്നതെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, **റസിഡൻഷ്യൽ സ്പോർട്സ് സ്കൂളുകളിലെ പ്രവേശനം സംബന്ധിച്ച് കൂടുതൽ ഫലവത്തായ രീതിയിൽ പ്രചാരണം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

10. കണ്ണൂർ സ്പോർട്സ് ഡിവിഷനിൽ അനുവദിച്ചിട്ടുള്ള സീറ്റുകളുമായി തട്ടിച്ചുനോക്കുമ്പോൾ വളരെ കുറവാണ് അവിടെ പഠിക്കുന്ന കുട്ടികളുടെ എണ്ണമെന്നും പുതിയ കുട്ടികളെ

തെരഞ്ഞെടുക്കുന്നതിനായി നടത്തിയ സെലക്ഷൻ ട്രയൽസിൽ നിശ്ചിത മാർക്കിനു മുകളിലുള്ളവർക്കു മാത്രം പ്രവേശനം നൽകിയതിനാലാണ് ഇത്തരത്തിൽ കുട്ടികളുടെ എണ്ണം അനുവദിക്കപ്പെട്ട സീറ്റിനേക്കാൾ കുറഞ്ഞുപോയതെന്നും സമിതി വിലയിരുത്തുന്നു. **നിലവിലുള്ള സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നതിനായി ഇക്കാര്യത്തിൽ ഇളവുകൾ നൽകി കണ്ണൂർ സ്പോർട്സ് ഡിവിഷനിലെ മുഴുവൻ സീറ്റുകളിലും ഇനി വരുന്ന അധ്യയനവർഷങ്ങളിൽ പ്രവേശനം നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ജി.വി. രാജാ സ്പോർട്സ് സ്കൂൾ

11. ആറാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്കാണ് ഈ സ്കൂളിൽ പ്രവേശനം നൽകുന്നത്. ക്രിക്കറ്റ്, ഫുട്ബോൾ, ഹോക്കി, അത്‌ലറ്റിക്സ്, തായ്ക്വാണ്ടോ, ബാസ്കറ്റ്ബോൾ, വോളിബോൾ, ജൂഡോ, റസലിംഗ്, ബോക്സിംഗ് എന്നീ പത്ത് ഇനങ്ങളിലാണ് ഈ സ്കൂളിൽ പരിശീലനം നൽകുന്നത്. 2020-21 കാലയളവിലാണ് ആറ്, ഏഴ് ക്ലാസുകളിൽ കൂടി കുട്ടികൾക്ക് പ്രവേശനം നൽകി തുടങ്ങിയത്. ഏകദേശം 350 കുട്ടികൾക്ക് താമസസൗകര്യത്തോടെ പരിശീലനം നൽകുന്നതിനുള്ള സംവിധാനം ഉള്ളിടത്താണ് 450 ഓളം കുട്ടികളെ താമസിപ്പിച്ച് പരിശീലനം നൽകുന്നത്. ഇത്രയധികം കുട്ടികളെ പാർപ്പിക്കുന്നതിന് ആവശ്യത്തിന് ഹോസ്റ്റൽ കെട്ടിടങ്ങൾ നിലവിലില്ലെന്നും, സ്കൂളിന്റെ കൈവശമുള്ള 12.5 ഏക്കർ ഭൂമിയുടെ 99 ശതമാനവും ഉപയോഗിച്ച് കഴിഞ്ഞിട്ടുള്ളതാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ **കുട്ടികളുടെ താമസസൗകര്യത്തിനും പരിശീലനത്തിനുമായി സ്കൂളിനോട് ചേർന്ന് റവന്യൂ വകുപ്പിന്റെ കൈവശമുള്ള സൗകര്യപ്രദമായ സ്ഥലം അനുവദിച്ച് കിട്ടുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

12. സ്പോർട്സ് സ്കൂളുകളിലെ ഒരു കുട്ടിക്ക് ഒരു ദിവസത്തെ ചെലവിനായി സർക്കാർ അനുവദിക്കുന്ന തുകയായ 200 രൂപ ഇന്നത്തെ സാഹചര്യത്തിൽ തീർത്തും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ **സ്പോർട്സ് സ്കൂളുകളിലെ ഒരു കുട്ടിക്ക് ഒരു ദിവസത്തെ ചെലവിനായി സർക്കാർ അനുവദിക്കുന്ന തുക 400 രൂപയായി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

13. ജി.വി. രാജ സ്പോർട്സ് സ്കൂളിൽ നിന്നും നിരവധി കായിക താരങ്ങൾ ഉദയം ചെയ്തിട്ടുണ്ട്. ഇനിയും പുതിയ താരങ്ങളെ വാർത്തെടുക്കുന്നതിനും നാടിന്റെ അഭിമാനം കാത്തുസൂക്ഷിക്കുന്ന തരത്തിൽ അവർ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നതിനും കായിക പ്രതിഭകൾക്ക് വിദഗ്ധപരിശീലനം നൽകേണ്ടത് ആവശ്യമാണ്. 50 കുട്ടികൾക്ക് ഒരാൾ (50:1) എന്ന അനുപാതത്തിൽ 12 വാർഡൻമാരുടെ കുറവുണ്ടെന്നും അതിൽ പുരുഷൻമാർ 8 പേരും വനിതകൾ 4 പേരുമാണ് വേണ്ടതെന്നും കുട്ടികൾക്ക് വേണ്ടി അധ്യാപക യോഗ്യതയുള്ള 5 റസിഡൻഷ്യൽ ട്യൂട്ടർമാരെയും, 20 കുട്ടികൾക്ക് ഒരു പരിശീലകൻ എന്ന നിലയിൽ (20:1) 20

പരിശീലകരെയും നിയമിക്കേണ്ടതുണ്ടെന്നും കായിക പ്രതിഭകളെ പരിശീലിപ്പിക്കുന്നതിന് സ്ഥിരം പരിശീലകരുടെ തസ്തിക സൃഷ്ടിച്ചിട്ടില്ലാത്തതിനാൽ സ്ഥിരം പരിശീലകരില്ലെന്നും പഠിപ്പിക്കാൻ യോഗ്യതയുള്ള റസിഡൻഷ്യൽ ട്യൂട്ടർമാരുടെ കുറവുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ **ജി.വി.രാജ സ്പോർട്സ് സ്കൂളിൽ ആവശ്യമായ സ്ഥിരം പരിശീലകരെയും റസിഡൻഷ്യൽ ട്യൂട്ടർമാരെയും വാർഡൻമാരെയും നിയമിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

14. ജി. വി. രാജ സ്പോർട്സ് സ്കൂളിൽ വോളിബോൾ, ബാസ്കറ്റ്ബോൾ എന്നിവയുടെ പരിശീലനത്തിനായി ഒരു ഇൻഡോർ സ്റ്റേഡിയം മാത്രമേ ഉള്ളൂവെന്നതിനാൽ വോളിബോൾ പരിശീലനം നടക്കുമ്പോൾ ബാസ്കറ്റ്ബോൾ താരങ്ങൾ പരിശീലനത്തിനായി മറ്റൊരു സ്ഥലം കണ്ടെത്തേണ്ടതായി വരുന്നു. ആയത് ഒഴിവാക്കുന്നതിനായി **ജി.വി. രാജ സ്പോർട്സ് സ്കൂളിൽ ഇൻഡോർ വോളിബോൾ കോർട്ട് അടിയന്തരമായി നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

15. മധ്യകേരളത്തിലെ കായിക കുതിപ്പിന് കരുത്തു പകരുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച സംസ്ഥാനത്തെ മൂന്നാമത്തെ സ്പോർട്സ് ഡിവിഷനാണ് തൃശ്ശൂർ ജില്ലയിലെ കുന്നംകുളം ഗവൺമെന്റ് ബോയ്സ് ഹയർസെക്കൻഡറി സ്കൂളിൽ ആരംഭിച്ച സ്പോർട്സ് ഡിവിഷൻ. 2022-23 അധ്യയന വർഷത്തിൽ 7, 8 ക്ലാസുകളിലായി ആംഭിച്ച സ്പോർട്സ് ഡിവിഷന്റെ പ്രവർത്തനം പ്രാരംഭദശയിലാണ്. ഹോസ്റ്റൽ കെട്ടിടത്തിന്റെ പണി ആരംഭിച്ചിട്ടില്ലായെന്നും ആയതിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതുവരെ വിദ്യാർത്ഥികളെ താമസിപ്പിച്ചിരിക്കുന്നത് ഇൻഡോർ സ്റ്റേഡിയത്തിനോടു ചേർന്നുള്ള 12 റസിഡൻഷ്യൽ റൂമുകളിലാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ **കുന്നംകുളം ഗവൺമെന്റ് ബോയ്സ് ഹയർസെക്കൻഡറി സ്കൂളിൽ ആരംഭിച്ച സ്പോർട്സ് ഡിവിഷനിലേക്കുള്ള ഹോസ്റ്റൽ കെട്ടിടം ഉൾപ്പെടെ സ്പോർട്സ് സ്കൂൾ പൂർണ്ണമായും പ്രവർത്തനസജ്ജമാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

16. മുൻകാലങ്ങളിൽ തൊഴിൽശാലകൾ, കൃഷിയിടങ്ങൾ എന്നിവിടങ്ങളിൽ പണിയെടുത്തിരുന്ന യുവജനങ്ങൾ കൊയ്ത്തുകഴിഞ്ഞ പാടങ്ങളിലും നിരപ്പായ സ്ഥലങ്ങളിലുമൊക്കെ കായിക വിനോദങ്ങളിലാണ് ഏർപ്പെട്ടിരുന്നത്. എന്നാൽ ഇന്ന് യുവജനങ്ങളിൽ പലരും തങ്ങളിലേക്ക് തന്നെ ഒതുങ്ങി മദ്യവും മയക്കുമരുന്നും പോലുള്ള ലഹരി വസ്തുക്കളുടെ ഉപയോഗത്തിലേക്ക് തിരിയുന്നുണ്ട്. ക്രമേണ ഇതിനുള്ള പണം കണ്ടെത്തുന്നതിനായി മോഷണത്തിലേക്കും മറ്റ് അതിക്രമങ്ങളിലേക്കും തിരിയുകയും അതുവഴി മറ്റ് മാനസികാരോഗ്യ പ്രശ്നങ്ങൾക്കും കുടുംബങ്ങളിലെയും സമൂഹത്തിലെയും അശാന്തിക്കും കാരണമാകുകയും ചെയ്യുന്നു. ഇത്തരം സാഹചര്യത്തിൽ കൂടുതലും അകപ്പെടുന്നത് 16-നും 28-നും ഇടയിലുള്ള യുവജനതയാണ്. പ്രതികൂല സാഹചര്യങ്ങളെ നേരിടുന്നതിനുള്ള മനോബലം ഇല്ലാതെ വരുന്ന യുവജനങ്ങളിലെ ആത്മഹത്യാനിരക്ക് മുൻകാലങ്ങളേക്കാൾ കൂടുതലാകുന്നതിനും ഇത് ഇടയാക്കുന്നുണ്ട്.

യുവാക്കളുടെ ഊർജ്ജം വിവിധതരം കായികവിനോദങ്ങളിലേക്ക് തിരിച്ചുവിടാൻ സാധിച്ചാൽ ശാരീരിക മാനസിക ആരോഗ്യമുള്ള യുവജനതയെ സൃഷ്ടിക്കാൻ സാധിക്കും. ഓരോ മൈതാനത്തെയും 'കളിക്കൂട്ടായ്മകൾ' നാളത്തെ വാഗ്ദാനങ്ങളാണ്. സംസ്ഥാനത്ത് പല പ്രദേശങ്ങളിലും പൊതുകളിയിടങ്ങളുടെ അഭാവമുണ്ട്. സ്വന്തമായി മൈതാനങ്ങളുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ പലതും അവിടങ്ങളിൽ പൊതുജനങ്ങൾക്ക് വ്യായാമം, മറ്റ് കായിക മത്സരങ്ങൾ എന്നിവയിൽ ഏർപ്പെടുന്നതിന് അനുമതി നിഷേധിക്കുന്നതായി സമിതി നിരീക്ഷിക്കുന്നു. സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിൽ ടർഫ് മാതൃകയിലുള്ള കളിയിടങ്ങൾ ഇപ്പോൾ പലയിടത്തുമുണ്ട്. ഒരു മണിക്കൂറിന് 1000 മുതൽ 2000 രൂപ വരെ ചെലവാക്കിയാൽ മാത്രമേ ഇത്തരം മൈതാനങ്ങൾ ഉപയോഗിക്കാൻ സാധിക്കുകയുള്ളൂ. ഇത് സാധാരണ ക്കാരായവർക്ക് അപ്രാപ്യമാണ്. കായിക സൗഹൃദവും സുരക്ഷിതവും അടിസ്ഥാന സൗകര്യങ്ങൾ ഉള്ളതുമായ കളിക്കളം വീടിനടുത്തു തന്നെയുണ്ടാകുക എന്നത് എല്ലാ ജനങ്ങളുടെയും ആഗ്രഹമാണ്. ആ ആഗ്രഹസഫലീകരണത്തിനായി എല്ലാ പഞ്ചായത്തുകളിലും കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിനായി കായിക യുവജനകാര്യവകുപ്പ് നടപ്പാക്കുന്ന 'പൊതുകളിയിടം' പദ്ധതി വളരെ ശ്രദ്ധേയമാണ്. **പൊതുകളിയിടം പദ്ധതി മുഖേന എല്ലാ പഞ്ചായത്തുകളിലും കളിക്കളങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പുമായി സഹകരിച്ചുകൊണ്ട് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

17. കായിക വികസനം ലക്ഷ്യമിട്ട് കായിക താരങ്ങൾക്ക് പരിശീലനം നൽകുന്നതിനും ഭാവിയിലെ കായിക താരങ്ങളെ വാർത്തെടുക്കുന്നതിനും വേണ്ടി എല്ലാ ജില്ലകളിലും അന്താരാഷ്ട്ര നിലവാരമുള്ള സ്റ്റേഡിയങ്ങൾ നിർമ്മിക്കുമെന്ന സർക്കാർ തീരുമാനം അഭിനന്ദനാർഹമാണ്. ആയത് നടപ്പാക്കുന്നതിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെങ്കിലും അവയിൽ പലതിന്റെയും നിർമ്മാണം പ്രാരംഭദശയിലാണ്. **കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ള തിരുവനന്തപുരം തോമസ് സെബാസ്റ്റ്യൻ ഇൻഡോർ സ്റ്റേഡിയം ഇടവ, കൊല്ലം ഒളിമ്പ്യൻ സുരേഷ് ബാബു ഇൻഡോർ സ്റ്റേഡിയം, ചെങ്ങന്നൂർ ഉദയകുമാർ ഇൻഡോർ സ്റ്റേഡിയം, ഇടുക്കി കെ.പി. തോമസ് ഇൻഡോർ സ്റ്റേഡിയം, തൃശ്ശൂർ ഐ.എം. വിജയൻ ഇൻഡോർ സ്റ്റേഡിയം, വയനാട് സി.കെ. ഓംകാരനാഥൻ ഇൻഡോർ സ്റ്റേഡിയം, കാസർഗോഡ് എം. ആർ. സി. കൃഷ്ണൻ ഇൻഡോർ സ്റ്റേഡിയം എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

18. **കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ലാത്ത പത്തനംതിട്ട ബ്ലസൻ ജോർജ് ഇൻഡോർ സ്റ്റേഡിയം, കോട്ടയം സൂസൻ മേബിൾ തോമസ് ഇൻഡോർ സ്റ്റേഡിയം, എറണാകുളം ഒളിമ്പ്യൻ ചന്ദ്രശേഖരൻ**

**ഇൻഡോർ സ്റ്റേഡിയം, പാലക്കാട് കെ.കെ. പ്രേമചന്ദ്രൻ ഇൻഡോർ സ്റ്റേഡിയം, മലപ്പുറം പി.മൊയ്തീൻകുട്ടി ഇൻഡോർ സ്റ്റേഡിയം, കോഴിക്കോട് ഒളിമ്പ്യൻ റഹ്മാൻ ഇൻഡോർ സ്റ്റേഡിയം, കണ്ണൂർ ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയം എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

19. **അന്താരാഷ്ട്ര നിലവാരമുള്ള സ്റ്റേഡിയങ്ങൾ നിർമ്മിക്കുമെന്ന സർക്കാർ തീരുമാനത്തിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ഒരു അന്താരാഷ്ട്ര സ്റ്റേഡിയം എന്ന പദ്ധതിയിൽ സ്റ്റേഡിയങ്ങളുടെ പട്ടികയിൽ കോട്ടയം ഇൻഡോർ സ്റ്റേഡിയത്തെ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

20. **ഗവൺമെന്റ്/എയ്ഡഡ് കോളേജുകൾ, സ്കൂളുകൾ തുടങ്ങിയവയുടെ മൈതാനങ്ങൾ കായിക ആവശ്യത്തിനല്ലാതെ ഉപയോഗിക്കാൻ പാടില്ലെന്ന് കർശന നിർദ്ദേശം നൽകണമെന്നും, അതോടൊപ്പം പൊതുജനങ്ങൾക്ക് കായികപരിശീലനത്തിനായി ഇത്തരം മൈതാനങ്ങൾ ലഭ്യമാക്കാനായി വിദ്യാഭ്യാസ വകുപ്പിനോട് ആലോചിച്ച് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

21. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോലും കളിയിടത്തിനായി അനുവദിച്ചിരുന്ന സ്ഥലങ്ങൾ ഇന്ന് അശാസ്ത്രീയമായ നിർമ്മാണ പ്രവൃത്തിമൂലം അതിന് അനുയോജ്യമല്ലാതായി തീർന്നിരിക്കുന്നു. ആയതിനാൽ, **വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ വ്യക്തമായ ആസൂത്രണത്തോടെയും ശാസ്ത്രീയമായ രീതിയിലും മൈതാനങ്ങൾ പരമാവധി ലഭിക്കുന്ന തരത്തിലുമാണ് നടത്തുന്നതെന്ന് വിദ്യാഭ്യാസ വകുപ്പ് ഉറപ്പുവരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

22. സർക്കാർ/എയ്ഡഡ്/അൺഎയ്ഡഡ് സ്കൂളുകളിൽ പലതിനും മൈതാനമില്ലാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഈ പരിമിതി തരണം ചെയ്യുന്നതിനായി, **കളിസ്ഥലങ്ങൾ ഉള്ള സ്കൂളുകൾ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവ ഇല്ലാത്ത സമീപപ്രദേശത്തുള്ള സ്കൂളുകൾക്ക് കൂടി പ്രസ്തുത മൈതാനങ്ങൾ ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ ലഭ്യമാക്കുവാൻ ആവശ്യമായ നടപടി തദ്ദേശസ്വയംഭരണ വകുപ്പും വിദ്യാഭ്യാസ വകുപ്പും സംയുക്തമായി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

23. **സ്കൂൾ/കോളേജ് കളിക്കളങ്ങൾ സംരക്ഷിക്കുകയും അവ വിദ്യാർത്ഥികളുടെ ആവശ്യത്തിനു പുറമേ സ്പോർട്സ് ആവശ്യങ്ങൾക്കും പരിശീലനത്തിനും കൂടി നിയന്ത്രിതമായ രീതിയിൽ ഉപയോഗിക്കാൻ കഴിയുമോയെന്ന് പരിശോധിക്കുകയും വേണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

24. **കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതും സംരക്ഷിക്കുന്നതും അവ പൊതുജനങ്ങൾ ഉൾപ്പെടെയുള്ളവർക്ക് ഉപയോഗപ്രദമാക്കുന്നതും കായിക നയത്തിൽ ഉൾപ്പെടുത്തുകയും ആവശ്യമെങ്കിൽ അവയുടെ സംരക്ഷണം ജനകീയ കമ്മിറ്റികളെ ഏൽപ്പിക്കുകയും വേണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

25. കോട്ടയം മുനിസിപ്പാലിറ്റിയിലെ ചിങ്ങവനത്ത് എം.സി. റോഡിന് സമീപം 11.5 ഏക്കർ സ്ഥലം കായിക വകുപ്പിന്റെ കൈവശമുണ്ടെങ്കിലും പദ്ധതികളില്ലാത്തതിനാൽ ഉപയോഗിക്കപ്പെടാതെ കിടക്കുകയാണെന്നും വനം വകുപ്പിന്റെ അധീനതയിലായിരുന്ന പ്രസ്തുത സ്ഥലം വ്യാവസായിക ആവശ്യത്തിനായി 'സൊമലിയർ' എന്ന കമ്പനിയ്ക്ക് നൽകിയെങ്കിലും ഹൈക്കോടതി വിധിപ്രകാരം സർക്കാരിന് തിരികെ ലഭിച്ചെന്നും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത സ്ഥലമുൾപ്പെടെ ഇത്തരത്തിൽ **കായിക വകുപ്പിന്റെ കൈവശമുള്ളതും ഉപയോഗയോഗ്യവുമായ പരമാവധി സ്ഥലങ്ങൾ ഉപയോഗപ്പെടുത്താനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

26. **സ്പോർട്സ് കൗൺസിലിന്റെ കൈവശം ഉപയോഗിക്കപ്പെടാത്ത ഭൂമിയുണ്ടെങ്കിൽ ആയത് കായികാവശ്യത്തിനായി ഫലപ്രദമായി ഉപയോഗപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

27. കാലാവസ്ഥാ വ്യതിയാനം നിമിത്തം പുഴകൾ വറ്റിവരണ്ട് പുഴയായിരുന്ന സ്ഥലം ഇന്ന് തരിശ് ഭൂമിയായിമാറിക്കൊണ്ടിരിക്കുന്നതായി കാണാൻ കഴിയുന്നു. ഇത്തരം സ്ഥലങ്ങൾ കളിസ്ഥലങ്ങളായി ഉപയോഗിക്കാൻ കഴിയുന്നതാണോയെന്ന് പരിശോധിക്കുന്നത് ഉചിതമായിരിക്കുമെന്ന് സമിതി അഭിപ്രായപ്പെടുകയും ഇതിന്റെ പ്രായോഗികത പരിശോധിക്കുന്നതിന് തദ്ദേശസ്വയംഭരണം, റവന്യൂ എന്നീ വകുപ്പുകളുടെ പരിശോധന ഉചിതമായിരിക്കുമെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ **പുഴ പുറമ്പോക്ക് ഭൂമി കളിസ്ഥലങ്ങളായി ഉപയോഗിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പും റവന്യൂ വകുപ്പും സംയുക്തമായി പരിശോധന നടത്തി ഉചിതമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

28. കായികമായി മുൻപന്തിയിൽ നിൽക്കുന്നവരാണ് ആദിവാസി ജനത. അവരുടെ കഴിവുകൾ കായിക മേഖലയിലേക്ക് തിരിച്ചുവിടാൻ സാധിച്ചാൽ അവർക്ക് കായികമായി മുന്നേറാൻ സാധിക്കും. എന്നാൽ അവർക്ക് അവരുടെ താമസസ്ഥലത്തിനടുത്തുതന്നെ മൈതാനങ്ങളുടെ അപര്യാപ്തതയുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ **ആദിവാസി വിഭാഗത്തിന്റെ താമസസ്ഥലത്തിനടുത്തുതന്നെ വനപ്രദേശത്തെ ഭൂപ്രകൃതിക്ക് മാറ്റം വരുത്താതെയുള്ള സ്ഥലങ്ങൾ കളിസ്ഥലങ്ങളായി ഉപയോഗിക്കുന്നതിന് വനം വകുപ്പുമായി സഹകരിച്ച് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

29. മുപ്പത്തിയഞ്ചാം ദേശീയ ഗെയിംസിനോടനുബന്ധിച്ച് നിർമ്മിക്കുകയും കൊല്ലം ജില്ലാ സ്പോർട്സ് കൗൺസിലിനു കൈമാറുകയും ചെയ്ത കേരളത്തിലെ ഏക ആസ്ട്രോ ടർഫ് സ്റ്റേഡിയമായ ആശ്രാമം ന്യൂ ഹോക്കി സ്റ്റേഡിയത്തിന്റെ ടർഫ് നനയ്ക്കുന്നതിനും അക്കാഡമിയിലെ ആവശ്യത്തിനും ഉള്ള വെള്ളം ഡി.റ്റി.പി.സി.-യുടെ ഉടമസ്ഥതയിലുള്ള ആശ്രാമം ചിൽഡ്രൻസ് പാർക്കിൽ നിന്നുമാണ് ലഭിച്ചുവരുന്നത്. ഇവിടേക്കുള്ള കുടിവെള്ളം പുറത്തുനിന്നും വിലയ്ക്ക് വാങ്ങുകയും ചെയ്യുന്നു. ഈ ജലദൗർലഭ്യം പരിഹരിക്കുന്നതിനായി സ്റ്റേഡിയത്തിൽ കുഴൽ കിണർ നിർമ്മിക്കുന്നതിനായി ഭൂഗർഭജലവകുപ്പിന് അഡ്വാൻസ് തുകയായി 7 ലക്ഷം രൂപ നൽകുകയും നിർമ്മാണം ആരംഭിക്കുകയും 2016 ഒക്ടോബർ 31-നകം പണി പൂർത്തിയാക്കാമെന്ന് ഭൂഗർഭജലവകുപ്പ് അറിയിക്കുകയും ചെയ്തിരുന്നു. എന്നാൽ നിർമ്മാണം തുടങ്ങി പകുതിയായപ്പോൾ നിർമ്മാണം പരാജയപ്പെട്ടതായി ഭൂഗർഭജലവകുപ്പ് അറിയിച്ചതിനെ തുടർന്ന് അഡ്വാൻസ് തുക തിരികെ നൽകണമെന്ന് കൊല്ലം ജില്ലാ സ്പോർട്സ് കൗൺസിൽ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഭൂഗർഭജലവകുപ്പ് ഡയറക്ടറേറ്റിൽ നിന്നും നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് മാത്രമേ തുടർപ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ സാധിക്കുകയുള്ളൂവെന്ന് ഭൂഗർഭജലവകുപ്പ് അറിയിച്ചിട്ടുള്ളതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ **കൊല്ലം ഹോക്കി സ്റ്റേഡിയത്തിലെ ജലദൗർലഭ്യം പരിഹരിക്കുന്നതിനായി നിർമ്മിക്കാനുദ്ദേശിച്ച കുഴൽകിണറിന്റെ നിർമ്മാണം എത്രയും വേഗം പൂർത്തിയാക്കുന്നതിന് ഭൂഗർഭജലവകുപ്പ് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

30. കായികരംഗത്ത് മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം. എന്നാൽ ഇന്നത്തെ കളിക്കളവും കളികളും വീടിനുള്ളിലെ പരിമിതമായ വൃത്തത്തിലേയ്ക്കു ചുരുങ്ങിപ്പോയിരിക്കുന്നു. കുട്ടികളുടെ സർഗാത്മകതയും കാൽപ്പനികതയെയും മുരടിപ്പിക്കുന്ന തരത്തിൽ സൃഷ്ടിച്ച ഓൺലൈൻ ഗെയിമുകളാണ് ഇപ്പോൾ നിലവിലുള്ളത്. ഇവയിൽ നിന്ന് കുട്ടികളെ പിൻതിരിപ്പിച്ച് മൈതാനങ്ങളിൽ എത്തിക്കേണ്ടത് രക്ഷിതാക്കളും അധ്യാപകരും ഉൾപ്പെടെയുള്ള പൊതുസമൂഹമാണ്. കുട്ടികളുടെ കായികശേഷി അത്ഭുതപൂർവ്വമായി ശോഷിച്ചു പോയിരിക്കുന്നു. പ്രതിരോധശേഷിയുള്ള യുവതലമുറയെ വാർത്തെടുക്കാൻ പദ്ധതികൾ അനിവാര്യമാണ്. സ്പോർട്സിലേയ്ക്കും ഗെയിമുകളിലേക്കും കുട്ടികളെ നയിക്കുന്നതിലൂടെ അവരുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കാൻ സാധിക്കും. ഇതിനായി കുട്ടികൾക്ക് പ്രൈമറിതലം മുതൽ അടിസ്ഥാന കായിക വിദ്യാഭ്യാസം ഉറപ്പുവരുത്തേണ്ടതും കുട്ടികളെ കായിക മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനായി രക്ഷിതാക്കളിൽ അവബോധം വളർത്തിയെടുക്കേണ്ടതുമുണ്ട്. **നമ്മുടെ പാഠ്യപദ്ധതിയിൽ പ്രൈമറിതലം മുതൽ അടിസ്ഥാന കായിക വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

31. കോവിഡ് കാലത്ത് നിശ്ചലമായിരുന്ന കായികലോകം ഇപ്പോൾ ചലനാത്മകമായിട്ടുണ്ടെങ്കിലും കോവിഡിനുമുൻപ് കായികലോകത്തെ പ്രതീക്ഷയായിരുന്ന പല പദ്ധതികളും നാളിതുവരെ പുനരാരംഭിച്ചിട്ടില്ല. ഫുട്ബോൾ ലോക റാങ്കിംഗിൽ ഇന്ത്യയുടെ നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ കേരളത്തിലെ നഗര/ഗ്രാമ പ്രദേശങ്ങളിലെയും ഗിരിവർഗ്ഗ, കടൽത്തീര മേഖലകളിലെയും കുട്ടികളിൽ നിന്നും ഫുട്ബോൾ പ്രതിഭകളെ കണ്ടെത്തി ചെറുപ്രായം മുതൽ പരിശീലനം നൽകുന്നതിനുവേണ്ടി ആവിഷ്കരിച്ചിരുന്ന പദ്ധതിയാണ് 'കിക്കോഫ്' പദ്ധതി. ഇതിൽ സംസ്ഥാനത്ത് 25 കുട്ടികൾ വീതമുള്ള ഗ്രൂപ്പുകൾക്ക് 33 സെന്ററുകളിലായി പരിശീലനം നൽകിയിരുന്നു. ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും കിക്കോഫ് പദ്ധതി സംയോജിപ്പിച്ച് 'ഗോൾ പദ്ധതി' എന്ന് പുനർനാമകരണം ചെയ്തുവെന്ന് സമിതി വിലയിരുത്തുന്നു. **'ഗോൾ പദ്ധതി'യും കോവിഡ്മൂലം നിർത്തിവയ്ക്കപ്പെട്ട മറ്റു പദ്ധതികളും പുനരാരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

32. കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേക്ക് ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണ് 'പ്ലേ ഫോർ ഹെൽത്ത്'. സിഡ്കോയുടെ സാങ്കേതിക സഹകരണത്തോടെ 25 സ്കൂളുകളിലായി നടപ്പിലാക്കിയ പ്രസ്തുത പദ്ധതി 30 സ്കൂളുകളിലേക്കുകൂടി വ്യാപിപ്പിച്ച് 55 സ്കൂളുകളിൽ 'ഹെൽത്തികിഡ്സ്' എന്ന പേരിൽ നടപ്പാക്കുന്നുവെന്നത് സ്വാഗതാർഹമാണ്. **ഹെൽത്തികിഡ്സ് എന്ന പദ്ധതി സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

33. റോഡപകടം പോലെതന്നെ മുങ്ങിമരണവും വളരെയേറെ ജീവനുകൾ പൊലിയാൻ ഒരു പ്രധാന കാരണമാകുന്നുണ്ട്. ഓരോ വർഷവും ആയിരത്തിയിരുന്നൂറിലധികം പേർ മുങ്ങി മരിക്കുന്നതായും ഒരു ദിവസം ശരാശരി മൂന്നിൽ കൂടുതൽ ആളുകൾ മുങ്ങിമരിക്കുന്നതായും മാധ്യമങ്ങളിലെ കണക്കുകൾ സൂചിപ്പിക്കുന്നു. ഇവരിൽ കൂടുതലും യുവാക്കളാണ്. സംസ്ഥാനത്തെ ദുരന്തനിവാരണ അതോറിറ്റി ഈ മരണനിരക്ക് കുറയ്ക്കുവാനായി പല പ്രചാരണപരിപാടികളും നടത്തുന്നുണ്ട്. കുട്ടികളെ നീന്തൽ പഠിപ്പിക്കാൻ ചില ക്ലബ്ബുകൾ നടത്തുന്ന ഒറ്റപ്പെട്ട ശ്രമങ്ങളുമുണ്ട്. നിലവിലെ സാഹചര്യത്തിൽ കേരളത്തിലെ എല്ലാ ജനങ്ങളെയും നീന്തൽ പഠിപ്പിക്കുക എന്നത് അപ്രായോഗികമാണ്. ആയതിനാൽ **എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും (പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ) "ഒരു കുളം പദ്ധതി" നടപ്പിലാക്കി എല്ലാ കുട്ടികളെയും താൽപ്പര്യമുള്ള മുതിർന്നവരെയും നീന്തൽ പഠിപ്പിക്കുന്നതിനായി ഒരു പ്രത്യേക പദ്ധതി സ്പോർട്സ് കൗൺസിലിന്റെ കീഴിൽ നടപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

34. ഇന്നത്തെ കുഞ്ഞുങ്ങളാണ് നാളെയുടെ വാഗ്ദാനം. അതിനാൽ സ്കൂൾ തലത്തിൽതന്നെ വിദ്യാർത്ഥികൾക്ക് നീന്തൽപരിശീലനം നൽകുന്നതിനായി തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ,

മലപ്പുറം, കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, എറണാകുളം, പത്തനംതിട്ട എന്നീ ജില്ലകളിൽ നടപ്പിലാക്കിയ 'സ്വിം & സർവൈവ് ' പദ്ധതി മുഖേന 3728 പേർക്ക് പരിശീലനം ലഭിച്ചിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പദ്ധതി 'സ്പ്ലാഷ്' എന്ന പേരിൽ പരിഷ്കരിച്ച് സംസ്ഥാനത്തെ 5 ജില്ലകളിൽ നടപ്പിലാക്കിയിരുന്നുവെങ്കിലും കോവിഡ് രോഗവ്യാപനംമൂലം നിർത്തിവയ്ക്കപ്പെട്ടിരുന്നു. **'സ്പ്ലാഷ്' പദ്ധതി പുനരാരംഭിച്ച് എല്ലാ സ്കൂളുകളിലും നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

35. ഇന്ത്യൻ കായിക മേഖലയിൽ വളരെ മികച്ച പ്രകടനം കാഴ്ച വയ്ക്കുന്നത് കേരള താരങ്ങളാണ്. മൂന്നാർ പോലുള്ള ഉയർന്ന പ്രദേശങ്ങളിൽ താമസിച്ച് മികച്ച അത്‌ലറ്റുകൾക്ക് ട്രെയിനിംഗ് നൽകുക എന്നത് പ്രായോഗികമല്ല. ഇത്തരത്തിൽ മികച്ച കായിക താരങ്ങളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഹൈ ആൾട്ടിറ്റ്യൂഡിൽ ഉള്ളതുപോലെ കുറഞ്ഞ ഓക്സിജൻ ലഭ്യമാക്കുന്ന തരത്തിൽ ഒരു കൃത്രിമാന്തരീക്ഷം സൃഷ്ടിച്ച് മികച്ച ട്രെയിനിംഗ് നൽകുന്നതിനായി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് അസ്ത്ര (ASTRA -Altitude Simulated Training for Athletes). രാജീവ് ഗാന്ധി സ്പോർട്സ് മെഡിസിൻ സെന്ററിൽ 2014-15 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കിയ പ്രസ്തുത പദ്ധതി കോവിഡാനന്തരം പ്രവർത്തനരഹിതമായി എന്ന് സമിതി നിരീക്ഷിക്കുന്നു. **കായികതാരങ്ങളുടെ ക്ഷമത വർദ്ധിപ്പിക്കുന്ന പദ്ധതി എന്ന നിലയിൽ 'അസ്ത്ര'-യുടെ ആനുവൽ മെയിന്റനൻസ് കോൺട്രാക്ട് പുതുക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ആയത് പ്രവർത്തനക്ഷമമാകുന്ന മുറയ്ക്ക് ജി.വി. രാജ സ്പോർട്സ് സ്കൂളിലെയും കേരള ഫുട്ബോൾ അക്കാദമിയിലെയും കായികതാരങ്ങൾക്ക് അത്തരത്തിൽ പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

36. ഒളിമ്പിക്സിൽ പങ്കെടുക്കുന്ന കായിക താരങ്ങൾക്ക് നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് പരിശീലനം നൽകിയാൽ മാത്രമേ അവർ മികച്ച പ്രകടനം കാഴ്ചവയ്ക്കുകയുള്ളൂ. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മൂന്നാറിൽ സ്ഥാപിച്ച ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്റർ പ്രൊഫഷണൽ സ്പോർട്സ് പരിശീലനത്തിനും കൂടുതൽ വരുമാനം ലഭിക്കുന്ന തരത്തിൽ റിക്രിയേഷൻ സ്പോർട്സിനും കൂടി ഊന്നൽ നൽകിക്കൊണ്ടുള്ളതാണെന്ന് സമിതി വിലയിരുത്തുന്നു. **മൂന്നാറിലെ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്റർ പ്രവർത്തനസജ്ജമാക്കുന്നതിന് ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

37. ദേശീയവും അന്തർദേശീയവുമായ മത്സരങ്ങളിൽ ആയോധനകലയിൽ കേരളത്തിന്റെ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനും ആയോധനകലയുടെ പ്രോത്സാഹനത്തിനുമായി ആരംഭിച്ച വയനാട്

ആർച്ചറി അക്കാദമിയിൽ 33 കായികതാരങ്ങളെ രണ്ട് പരിശീലകർ പരിശീലിപ്പിച്ചുവരുന്നു. പ്രസ്തുത അക്കാദമിയുടെ പ്രവർത്തനം വിഭാവനം ചെയ്ത രീതിയിൽ പൂർത്തിയാക്കുന്നതിന് ഫണ്ടിന്റെ അപര്യാപ്തതമൂലം സാധിച്ചിട്ടില്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ **വിഭാവനം ചെയ്ത രീതിയിൽ തന്നെ വയനാട് ആർച്ചറി അക്കാദമിയുടെ പ്രവർത്തനം പൂർത്തിയാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

38. മലയോര-തീരപ്രദേശ മേഖലകളിലെ ക്ലേശകരമായ ജീവിത സാഹചര്യങ്ങളിൽ നിന്നും വരുന്ന ധാരാളം കായിക പ്രതിഭകൾ തങ്ങളുടെ മിന്നുന്ന പ്രകടനങ്ങൾ വിവിധമേഖലകളിൽ കാഴ്ചവച്ചിട്ടുണ്ട്. ഇത്തരത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കായികതാരങ്ങൾക്ക് പരിശീലനത്തിനും മത്സരങ്ങളിൽ പങ്കെടുക്കുന്നതിനും കഴിയാത്ത സ്ഥിതി പലപ്പോഴും ഉണ്ടാകാറുണ്ട്. കായിക രംഗത്ത് പ്രാഗത്ഭ്യം തെളിയിച്ചവർക്ക് സാമ്പത്തിക ശേഷിയുടെയും സ്പോൺസർമാരുടെയും അഭാവംമൂലം മത്സരങ്ങളിൽ പങ്കെടുക്കാൻ സാധിക്കാതെ വരുന്നത് അത്യന്തം ദൗർഭാഗ്യകരമാണെന്ന് സമിതി വിലയിരുത്തുന്നു. **സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന അർഹരായ കായികതാരങ്ങൾക്ക് കായിക വികസനനിധിയിൽ നിന്നും സാമ്പത്തിക സഹായം അനുവദിക്കുന്നതിന് സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

39. **കായികതാരങ്ങൾക്ക് സ്വയം സ്പോൺസർമാരെ കണ്ടെത്തുന്നതിന് സാധിക്കാതെ വരുന്ന സാഹചര്യത്തിൽ സ്പോർട്സ് കൗൺസിൽ മുഖേന സ്പോൺസർമാരെ കണ്ടെത്തി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

40. ഏതു കായികരംഗത്തും ഉയർന്നു വരാനും മുന്നോട്ടുപോകാനും കളിക്കാരെ സഹായിക്കുന്നത് മത്സരപരിചയവും അടിസ്ഥാന സൗകര്യങ്ങളുമാണ്. കായിക രംഗത്തെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഏകോപനവും അടിസ്ഥാന സൗകര്യങ്ങളുടെ പരിപാലനവും ലക്ഷ്യമിട്ട് കായിക യുവജനകാര്യാലയത്തിനു കീഴിൽ പ്രവർത്തിച്ചുവരുന്ന എഞ്ചിനീയറിംഗ് വിഭാഗത്തെ പുനർവിന്യസിച്ച് സ്പോർട്സ് കേരള ഫൗണ്ടേഷൻ എന്ന പൊതുമേഖലാ കമ്പനി രൂപീകരിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ബജറ്റിൽ അനുവദിച്ച വിവിധ നിർമ്മാണ പ്രവൃത്തികൾ പ്രാവർത്തികമാക്കി, 2021-ൽ കോഴിക്കോട് നടന്ന ദേശീയ വനിതാ ഫുട്ബോൾ ചാമ്പ്യൻഷിപ്പ്, 2022-ലെ സന്തോഷ് ട്രോഫി ഫുട്ബോൾ ടൂർണമെന്റ് എന്നിവയ്ക്ക് ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കി നൽകി, കിഫ്ബി മുഖേന നടപ്പാക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുക, എല്ലാ പഞ്ചായത്തുകളിലും കളിസ്ഥലങ്ങൾ നിർമ്മിക്കുക തുടങ്ങിയ നിരവധി പ്രവർത്തനങ്ങൾ ഫലപ്രാപ്തിയിൽ എത്തിക്കുന്നതിനായി സ്പോർട്സ് കേരള ഫൗണ്ടേഷൻ പ്രവർത്തിച്ചുവരുന്നു. ആയതിനാൽ **സ്പോർട്സ് കേരള ഫൗണ്ടേഷനിൽ ഒഴിവുള്ള തസ്തികകളിൽ സ്ഥിര നിയമനം നടത്തുന്നതിനു വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു**.

41. **കായിക താരങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങളും സഹായങ്ങളും അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുന്നത് ലക്ഷ്യമിട്ട് സെൻട്രലൈസ്ഡ് സ്പോർട്സ് ഡയറക്ടറേറ്റ് - കായികഭവൻ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

42. യുവജനങ്ങളുടെ ഭൗതികവും സാംസ്കാരികവും സാഹിത്യപരവും കലാകായികപരവും തൊഴിൽപരവുമായ സർവ്വതോൻമുഖമായ വികസനത്തിനായി രൂപീകൃതമായിട്ടുള്ളതാണ് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്. യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങളിൽ ഏറ്റവും ജനശ്രദ്ധയാകർഷിക്കുന്ന പരിപാടിയാണ് കേരളോത്സവം. നഗരവാസികൾക്കൊപ്പം തന്നെ ഗ്രാമീണ മേഖലയിലെ യുവജനങ്ങൾക്കും തങ്ങളുടെ കലാകായിക നൈപുണ്യം പ്രകടിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും അവസരമൊരുക്കുക എന്ന മഹത്തായ ലക്ഷ്യമാണ് ഇതിനുള്ളതെന്നും, ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ബ്ലോക്ക്, ജില്ലാ തലങ്ങളിലായി യുവ കലാ-കായിക പ്രതിഭകൾ മാറ്റുരയ്ക്കുന്ന യുവജനങ്ങളുടെ കൂട്ടായ്മയുടെ ഉത്സവമാണ് കേരളോത്സവം എന്നും കേരളോത്സവത്തോടനുബന്ധിച്ച് കാർഷിക കലാമേളയും സംഘടിപ്പിക്കുന്നുണ്ടെന്നും സമിതി വിലയിരുത്തുന്നു. സംസ്ഥാന തലത്തിൽ ഒന്ന്, രണ്ട്, മൂന്ന് എന്നീ സ്ഥാനങ്ങൾ നേടുന്നവർക്ക് 2022 മുതൽ സമ്മാനതുകയായി യഥാക്രമം 2500 രൂപ, 2000 രൂപ, 1500 രൂപ എന്നിങ്ങനെ നൽകിവരുന്നു. **കേരളോത്സവം കൂടുതൽ വിപുലപ്പെടുത്തുവാനും സമ്മാനത്തുക വർദ്ധിപ്പിക്കുവാനും ആവശ്യമായ നടപടിയുണ്ടാവണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

43. പ്രകൃതി ദുരന്തങ്ങൾ, മഹാമാരികൾ, മാലിന്യനിർമ്മാർജ്ജനം, പാലിയേറ്റീവ് പ്രവർത്തനം, സാമൂഹ്യ തിന്മകൾക്കെതിരെയുള്ള ബോധവത്ക്കരണം, കുടിവെള്ള സംരക്ഷണം, പരിസ്ഥിതി സംരക്ഷണം, മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കാൻ സുസജ്ജമായ യുവജന വോളന്റിയർമാരെ തയ്യാറാക്കുക എന്ന ലക്ഷ്യത്തോടെ യുവജനക്ഷേമ ബോർഡ് ആരംഭിച്ച ടീം കേരള (കേരള യൂത്ത് ഫോഴ്സ്) എന്ന സന്നദ്ധ സേവന സേനയുടെ രൂപീകരണം വളരെ സ്വാഗതാർഹമാണ്. **പ്രകൃതി ദുരന്തങ്ങളിലും മഹാമാരികളിലും ജനങ്ങളെ സഹായിക്കുന്നതിനായി കേരളത്തിലെ എല്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷനുകളിലും കുറഞ്ഞത് നൂറുപേർ ഉൾപ്പെടുന്ന സേന എന്നുള്ള രീതിയിൽ യുവജനങ്ങൾക്ക് പരിശീലനം നൽകി ടീം കേരളയെ വിപുലീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

44. യുവജനങ്ങളിൽ സാഹസികത വളർത്തുക, സാഹസിക കർമ്മശേഷി ജനനന്മയ്ക്ക് വിനിയോഗിക്കുക എന്നിവ ലക്ഷ്യമിട്ടാണ് യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ ഇടുക്കി ജില്ലയിലെ ദേവികുളത്തെ ദേശീയ സാഹസിക അക്കാഡമിയും കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട്ടുള്ള ദേശീയ സാഹസിക അക്കാഡമി ഉപകേന്ദ്രവും സ്ഥാപിച്ചിട്ടുള്ളത്. ദേവികുളം ദേശീയ സാഹസിക അക്കാഡമി മന്ദിരത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് ലഭ്യമാക്കിയ 9,63,84,416 രൂപയുടെ പദ്ധതിയ്ക്ക്

ഭരണാനുമതിയും നടപ്പു സാമ്പത്തിക വർഷത്തിൽ (2022-23) 2,25,00,000 രൂപ ചെലവഴിക്കുന്നതിന് അനുമതിയും ലഭിച്ചിട്ടുള്ളതിനാൽ നിർമ്മാണപ്രവർത്തനങ്ങളുടെ തുടർനടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് സമിതി വിലയിരുത്തുന്നു. എന്നാൽ സാഹസിക പ്രവർത്തനങ്ങളുടെ പരിശീലനത്തിനായി കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിലൊന്നും ഫണ്ട് അനുവദിച്ചിട്ടില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. **സാഹസിക അക്കാഡമികളിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിന് ഭാവിയിൽ ആവശ്യമായ ഫണ്ട് അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

45. **സ്പോർട്സ് കൗൺസിലിന്റെ സഹകരണത്തോടെ കേരളത്തിലെ സാഹസിക അക്കാഡമിയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും മറ്റ് സംസ്ഥാനങ്ങളിലെ സാഹസിക അക്കാഡമികളുടെ മാതൃകയിൽ പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ ക്രമീകരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

46. വനിതാ ശാക്തീകരണത്തിന്റെ ഭാഗമായി യുവതികളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരുന്നതിനും സ്വയംപര്യാപ്തരാക്കുന്നതിനും സഹായിക്കുക, സ്ത്രീകളുടെ നേർക്കുള്ള അതിക്രമങ്ങളെക്കുറിച്ച് ബോധവതികളാക്കുക എന്ന ലക്ഷ്യത്തോടെ യുവജനക്ഷേമബോർഡ് നടപ്പിലാക്കി വരുന്ന 'അവളിടം', ഭിന്നശേഷിക്കാർക്കുള്ള 'YES' ക്ലബുകൾ, ട്രാൻസ്ജെൻഡർ വിഭാഗത്തിലുള്ളവരെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനായുള്ള 'മാരിവില്ല്' എന്നീ പദ്ധതികളുടെ പ്രവർത്തനങ്ങൾ പ്രശംസനീയമാണ്. എന്നാൽ **യുവജനക്ഷേമബോർഡിന്റെ 'അവളിടം' 'YES' ക്ലബുകൾ, 'മാരിവില്ല്' എന്നീ പദ്ധതികളിലെ അംഗങ്ങൾക്ക് സ്വയംപര്യാപ്തത കൈവരിക്കുവാനായി സ്വയംതൊഴിൽ കണ്ടെത്തുന്നതിനാവശ്യമായ പരിശീലന പരിപാടികൾ സംഘടിപ്പിച്ച് പദ്ധതികളിൽ കൂടുതൽ പങ്കാളിത്തം ഉറപ്പുവരുത്തി പദ്ധതിയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനായി ഫണ്ട് അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

47. യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ ജില്ലാതലങ്ങളിലും പ്രാദേശിക തലങ്ങളിലും സംഘടിപ്പിക്കുന്നതിന് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ തലങ്ങളിലും ജില്ലാതലത്തിലും യൂത്ത് കോഡിനേറ്റർമാരെ നിയമിച്ചിട്ടുണ്ടെന്ന് സമിതി വിലയിരുത്തുന്നു. **യുവജനക്ഷേമ ബോർഡ് നടപ്പാക്കുന്ന പദ്ധതികളും ബോർഡിന്റെ പ്രവർത്തനങ്ങളും താഴെത്തട്ടിലെ ജനങ്ങളിൽവരെ എത്തിക്കുന്നതിനായുള്ള യുവശക്തിയുടെ പ്രവർത്തനം വിപുലീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

48. പൊതുജനാരോഗ്യവും കായികക്ഷമതയും വർദ്ധിപ്പിക്കുന്നതിന് ജനസംഖ്യയുടെയും ജനസാന്ദ്രതയുടെയും അടിസ്ഥാനത്തിൽ ഗ്രാമ, നഗര ഭേദമെന്യേ അടിസ്ഥാന കായിക സംവിധാനങ്ങൾ സുസജ്ജമായ രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. ഈ പ്രവർത്തനങ്ങളിലൂടെ

എല്ലാവിഭാഗം ജനങ്ങളും ഗുണഭോക്താക്കളായി മാറാനുള്ള സാധ്യത പരമാവധി ഉറപ്പുവരുത്തേണ്ടതുണ്ട്. ഒളിമ്പിക്സ്, അന്താരാഷ്ട്ര ചാമ്പ്യൻഷിപ്പുകൾ എന്നിവയിൽ പങ്കെടുക്കുന്ന താരങ്ങൾക്ക് മെഡൽ ലഭിക്കുമ്പോഴോ അവരുടെ പ്രകടനം മോശമാകുമ്പോഴോ മാത്രമാണ് കായിക നേട്ടങ്ങളെപ്പറ്റി പലരും ചർച്ച ചെയ്യുന്നത്. ഇതിന് **ശാശ്വതപരിഹാര മെന്നോണം ശാസ്ത്രീയമായുള്ള കായിക അടിത്തറ കൂടുതൽ വിപുലീകരിക്കാൻ ഉതകുന്ന രീതിയിലുള്ള ഹ്രസ്വ ദീർഘകാല പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടത് ആവശ്യമാണ്.** ഇത്തരത്തിലുള്ള തുടർച്ചയായ ഇടപെടലുകൾ ഭാവിയിൽ രാജ്യത്തിന്റെ അഭിമാനം കാത്തുസൂക്ഷിക്കുന്ന നിലയിലുള്ള താരങ്ങളുടെ വളർച്ചയിലേയ്ക്ക് നയിക്കും. അതിനായി അടിസ്ഥാന കായിക വിദ്യാഭ്യാസ പരിപാടികൾ സമഗ്രമായി നടപ്പാക്കുന്നതിൽ ശ്രദ്ധപതിപ്പിക്കേണ്ടതുണ്ട്.

49. സാധാരണക്കാരായ കുട്ടികൾക്ക് കുറഞ്ഞ ചെലവിൽ പരിശീലിക്കാനുള്ള സാഹചര്യങ്ങൾ ഇനിയും സംസ്ഥാനത്ത് കൂടുതലായി ഉണ്ടാകണം. ഇപ്പോഴുള്ള അടിസ്ഥാന പരിശീലനത്തിനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതോടൊപ്പം വലിയ സ്റ്റേഡിയങ്ങളും ആധുനിക പരിശീലന രീതികളും ഉണ്ടാകേണ്ടതുണ്ട്. വളർന്നു വരുന്ന കുട്ടികൾക്ക് കുറഞ്ഞ ചെലവിൽ ഏത് കായികയിനവും പരിശീലിക്കാനുള്ള അവസരമൊരുക്കണം. ഏതു കായികയിനത്തിന്റെയും വളർച്ചയ്ക്ക് ഭരണതലത്തിൽ നിന്ന് ശക്തവും കൂടുതൽ ക്രിയാത്മകവുമായ ഇടപെടൽ അനിവാര്യമാണ്. നമുക്ക് ധാരാളം പദ്ധതികളും ആശയങ്ങളുമുണ്ടെങ്കിലും അവയൊക്കെ പൂർണ്ണമായി പ്രവൃത്തിപഥത്തിലെത്തുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനപരമായ പ്രവർത്തനം ആവശ്യമാണ്. മികച്ച കായിക പ്രതിഭകളെ വാർത്തെടുത്ത് ആരോഗ്യപരമായി മുന്നിൽ നിൽക്കുന്ന ഒരു ജനതയെച്ചൊല്ലി അഭിമാനിയ്ക്കാൻ നമുക്ക് സാധിക്കുമെന്ന് സമിതി വിലയിരുത്തുന്നു. യുവാക്കളുടെ അപരിമേയമായ കഴിവുകൾ ശരിയായ മാർഗ്ഗത്തിൽ പ്രയോജനപ്പെടുത്തി രാജ്യപുരോഗതിയ്ക്ക് ഉതകുന്ന വിധത്തിൽ ലക്ഷ്യപ്രാപ്തിയിലെത്തുവാൻ കായിക വകുപ്പ് നടത്തുന്ന പദ്ധതികൾ ശ്ലാഘനീയമാണ്. മറ്റു വകുപ്പുകളുടെ കൂട്ടായ പ്രവർത്തനത്തിലൂടെ കായിക മുന്നേറ്റത്തിന് ഇനിയും സാധിക്കുമെന്ന് സമിതി പ്രത്യാശിക്കുന്നു.

കെ.കെ. ശൈലജ ടീച്ചർ,
അദ്ധ്യക്ഷ,
എസ്റ്റിമേറ്റ്സ് കമ്മിറ്റി.

തിരുവനന്തപുരം,
2023 മാർച്ച് 15.